(ബി) ഇല്ലെങ്കിൽ ഈ വിഷയത്തെപ്പറ്റി അന്വേഷിക്കുമോ;

(സി) കറ്റാർവാഴ ആയുർവേദ സസ്യത്തെന്ന നിലയിൽ അതിന്റെ പേറ്റന്റ് അമേരിക്ക സ്വന്തമാക്കിയതിനെതിരെ നടപടിയെടുക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) അമേരിക്ക കറ്റാർവാഴയിൽ രണ്ട് പേറ്റൻസി എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കറ്റാർവാഴ അമേരിക്കൻ ഐക്യനാടുകളിലേക്ക് കടത്തുന്നതായോ നിരവധി ഹെക്ടർ തോട്ടമുണ്ടാക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അന്വേഷിക്കാവുന്നതാണ്.

(സി) പരിശോധിച്ച് നടപടിയെടുക്കുന്നതാണ്.

എൻഡോസൾഫാൻ പ്രയോഗംമൂലം മാരാരോഗങ്ങൾ പിടിപെട്ട് കഷ്ടതയനുഭവിക്കുന്നവർക്ക് അനുവദിച്ച തുക

154 [5299] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പ്രയോഗംമൂലം പലവിധ മാരാരോഗങ്ങൾ പിടിപെട്ട് കഷ്ടതയനുഭവിക്കുന്ന രോഗികൾക്ക് പ്രത്യേക ചികിത്സ ലഭ്യമാക്കുന്നതിന് എന്ത് തുക സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

ആരോഗ്യ വകുപ്പിൽ നിന്നും പ്രത്യേക ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

പുകയില, പാൻമസാല എന്നിവയുടെ ഉപയോഗം നിരുൽസാഹപ്പെടുത്താൻ നടപടി

155 [5300] ശ്രീ. എൻ. ഡി. അപ്പച്ചൻ:
„ പി. ജെ. ജോയി:
„ സി. പി. മുഹമ്മദ്:
„ ഡൊമിനിക് പ്രസന്റേഷൻ:
„ ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കാൻസർ രോഗികളുണ്ടെന്ന് കണക്കാക്കപ്പെടുന്നു;

(ബി) കാൻസർ രോഗത്തിന് പുകയില, പാൻമസാല എന്നിവയുടെ ഉപയോഗം കാരണമാകുന്നുണ്ടോ;

(സി) സംസ്ഥാനത്ത് പ്രതിവർഷം എത്ര പുകയിലയും പാൻമസാലയും വിറ്റഴിക്കപ്പെടുന്നു;

(ഡി) പൊതുജനങ്ങളിൽ ഇവയുടെ ഉപയോഗം നിരുൽസാഹപ്പെടുത്തുവാൻ എന്തെല്ലാം സത്വര നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly